# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1864 04.12.2018 ൽ മറുപടിയ്ക്ക്**

**സ്വകാര്യ ബസ്സുകൾക്ക് പാർക്കിംഗ് സൗകര്യം**

| ചോദ്യം<br>ശ്രീ.സി.മമ്മൂട്ടി | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾക്ക് പാർക്കിംഗ് സൗകര്യം ഒരുക്കേണ്ട ബാധ്യത സർക്കാരിനുണ്ടോ; എങ്കിൽ അതിന്റെ വിശദമായ രൂപം വെളിപ്പെടുത്താമോ; | (എ) | 1988 – ലെ മോട്ടോർ വാഹന നിയമം സെക്ഷൻ 117 പ്രകാരം സംസ്ഥാന ഗവൺമെന്റോ സംസ്ഥാന ഗവൺമെന്റ് ചുമതലപ്പെടുത്തുന്ന അതോറിറ്റിയോ, ലോക്കൽ അതോറിറ്റിയുമായി കൂടിയാലോചിച്ച് ബസ് സ്റ്റോപ്പ് അല്ലെങ്കിൽ പാർക്കിംഗ് ഏരിയയുമായി ബന്ധപ്പെട്ട തീരുമാനം കൈകൊള്ളാവുന്നതാണ്. കേരള മോട്ടോർ വെഹിക്കിൾസ് റൂൾസ് 1989 ( റൂൾ 206) ഇതിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തെ മറ്റ് ഇടങ്ങളിൽ നിന്നും വ്യത്യസ്തമായി തലസ്ഥാന നഗരിയിൽ മാത്രം സ്വകാര്യ ബസ്സുകൾ പാർക്ക് ചെയ്യുന്നതും യാത്രക്കാരെ എടുക്കുന്നതും നിലവിലുള്ള നിയമത്തിന് വിധേയമായിട്ടാണോ; | (ബി) | നിലവിലുള്ള നിയമത്തിന് വിധേയമായിട്ടാണ് |
| (സി) | അവ പരിശോധിക്കുന്നതിന് സർക്കാർ സംവിധാനമെന്തെങ്കിലും നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ടോ; വിശദീകരിക്കാമോ; | (സി) | മോട്ടോർ വാഹന വകുപ്പും സിറ്റി ട്രാഫിക് പോലീസും സ്റ്റേജ് കാരിയേജുകളുടെ കിഴക്കേകോട്ട വടക്കേ സ്റ്റാൻഡിലേയ്ക്കുള്ള വരവും പോക്കും നിരീക്ഷിക്കുന്നു. |
| (ഡി) | തലസ്ഥാന നഗരിയിൽ ഏറെ ട്രാഫിക് തിരക്കുള്ള ചുവന്ന കോട്ടയ്ക്ക് സമീപം എസ്.ടി.എ. പാർക്കിംഗ് ഇടം ഒരുക്കിയത് എങ്ങനെ എന്നറിയിക്കാമോ; | (ഡി) | സ്വകാര്യ സ്റ്റേജ് കാരിയേജുകളെ കിഴക്കേകോട്ട വടക്കേ സ്റ്റാൻഡിൽ യാത്രക്കാരെ കയറ്റുന്നതിനും ഇറക്കുന്നതിനും അനുവദിക്കണമെന്നും പ്രസ്തുത സ്ഥലത്ത് കെ.എസ്.ആർ.ടി.സി. ജീവനക്കാർ നാട്ടിയിരിക്കുന്ന ബാരിക്കേഡുകൾ ഒഴിവാക്കി സുഗമമായ സർവീസ് നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള ബസ് ട്രാൻസ്പോർട്ട് അസോസിയേഷൻ കെ.ബി.റ്റി.എ. ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഡബ്ലിയു പി (സി) നമ്പർ 28112/2017 നമ്പരായി പെറ്റീഷൻ ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബഹു. ഹൈക്കോടതിയുടെ 14/09/2017 തീയതിയിലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം 09/10/2017 തീയതിക്ക് നടന്ന ആർ.ടി.ഒ യോഗത്തിൽ ഐറ്റം നമ്പർ 1 ആയി അവതരിപ്പിച്ച് തീരുമാനം കൈക്കൊള്ളുകയുണ്ടായി. കിഴക്കേകോട്ട വടക്കേ സ്റ്റാൻഡ് ഒരു |

| | | | |
|---|---|---|---|
| | | | ടെർമിനൽ പോയിന്റ് അല്ലാത്തതിനാലും കെ എസ് ആർ ടി സിയുടെ പട്ടയ ഭൂമി ആയതിനാലും സ്വകാര്യ സ്റ്റേജ് കാരിയേജുകൾ പഴവങ്ങാടി ഗണപതി കോവിലിനു സമീപവും ലൂസിയ ഹോട്ടലിനു സമീപവും നിർത്തി യാത്രക്കാരെ കയറ്റുന്നതിനും ഇറക്കുന്നതിനും നിർദ്ദേശിച്ചു. കൂടാതെ പ്രസ്തുത ഇടങ്ങളിൽ സ്വകാര്യ സ്റ്റേജ് കാരിയേജുകൾ 3, 4 മിനിട്ടിൽ കൂടുതൽ നേരം നിർത്തിയിടുവാൻ പാടില്ല എന്നും ആർ.ടി.ഒ യോഗം നിർദ്ദേശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഇടങ്ങളിൽ പ്രൈവറ്റ് ബസ് സ്റ്റോപ്പ് എന്ന ബോർഡ് മോട്ടോർ വാഹന വകുപ്പ് സ്ഥാപിച്ചിട്ടുണ്ട്. യാത്രക്കാർക്കായി അനുവദിച്ചിട്ടുള്ള ബസ് സ്റ്റോപ്പുകളിൽ അനധികൃത പാർക്കിംഗ് ഒഴിവാക്കി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത് കോർപ്പറേഷന്റെ ചുമതലയാണ്. |
| (ഇ) | ഇത്തരത്തിൽ സ്വകാര്യ ബസ്സുകൾക്ക് ഒരുക്കിയിട്ടുള്ള ട്രാഫിക് പാർക്കിംഗ് ഇടത്തിന് ഫീസ് ഈടാക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദരൂപം വെളിപ്പെടുത്തുമോ; നിരക്കിന്റെ പട്ടിക വിശദമാക്കുമോ; ഏറെ തിരക്കേറിയ ഇത്തരമൊരു സ്ഥലത്ത് സൗജന്യമായിട്ടാണ് പാർക്കിംഗ് അനുവദിച്ചിരിക്കുന്നതെങ്കിൽ അത്തരമൊരു തീരുമാനം എടുത്തതാരാണ്; പ്രസ്തുത തീരുമാനത്തിന് ആധാരമാക്കിയത് എന്തെന്ന് വെളിപ്പെടുത്തുമോ; | (ഇ) | സ്വകാര്യ ബസ്സുകൾക്ക് ഒരുക്കിയിട്ടുള്ള ട്രാഫിക് പാർക്കിങ്ങ് ഇടത്തിന് ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (എഫ്) | ഇത്തരമൊരു ഇടത്ത് സൗജന്യമായി ബസ്സുകൾക്ക് പാർക്കിംഗ് ഇടം അനുവദിക്കുന്നതിന് സർക്കാരിന്റെ നിർദ്ദേശം ഉണ്ടായിരുന്നോ; | (എഫ്) | പ്രസ്തുത സ്ഥലം പാർക്കിംഗ് ഇടമല്ല പകരം യാത്രക്കാരെ കയറ്റാനും ഇറക്കാനുമുള്ള ബസ് സ്റ്റോപ്പ് മാത്രമാണ് |
| (ജി) | ഇത്തരത്തിൽ ഏറെ തിരക്കേറിയ ഇടത്തിൽ സർവ്വീസ് നടത്തുന്ന ബസ്സുകൾക്ക് സൗജന്യ പാർക്കിംഗ് എസ്.ടി.എ. അനുവദിച്ച രീതിയിൽ തലസ്ഥാനത്തെ പൊതുജനങ്ങൾക്കും പാർക്കിംഗ് ഫീസ് പിരിക്കുന്നത് ഒഴിവാക്കി സൗജന്യ പാർക്കിംഗ് പ്രാവർത്തികമാക്കുമോ? | (ജി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ